പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1363 30.09.2011-ൽ നൽകേണ്ടിയിരുന്നത്

## 'ഹരിതശ്രീ ' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. പി. റ്റി. എ. റഹീം :<br>ഡോ. കെ. ടി. ജലീൽ : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീയിലൂടെയുള്ള 'ഹരിതശ്രീ ' എന്ന പാട്ടകൃഷി പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഇല്ല. തിരുവനന്തപുരം കുടുംബശ്രീ ജില്ലാ മിഷൻ ജില്ലാപഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയായിരുന്നു ഹരിതശ്രീ. ഈ പദ്ധതി നാല് ഘട്ടങ്ങളിലായാണ് പൂർത്തിയാക്കിയത്. ഓരോ ഘട്ടത്തിലും 90 ഹെക്ടർ വീതം ആകെ 360 ഹെക്ടറുകളിലായി പദ്ധതി നടപ്പിലാക്കി. രണ്ട് വർഷം മുമ്പ് തന്നെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുകയുണ്ടായി. കൂടാതെ സംഘകൃഷി 14 ജില്ലകളിലും നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| (ബി) മുൻവർഷം സംയോജിത കൃഷി വഴി എന്തെല്ലാം വിളകൾ എത്ര ഹെക്ടറിൽ നടപ്പിലാക്കുകയുണ്ടായി ; | (ബി) മുൻവർഷം സംയോജിത കൃഷി പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടില്ല. |
| (സി) ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ്, കുടുംബശ്രീ വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ സഹായ പദ്ധതികളെക്കുറിച്ച് വിശദ മാക്കുമോ ? | (സി) ഇതു സംബന്ധിച്ച് സഹായപദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

R.R.Bolige

സെക്ഷൻ ഓഫീസർ